# GUIDELINES ON HOLY QURBANA ONLINE

കൊറോണ വൈറസ് ബാധയുടെ പശ്ചാത്തലത്തിൽ ദൈവാലങ്ങളിൽ പോയി വി. കുർബാനയിൽ പങ്കെടുക്കാൻ സാധിക്കാതെ വരുന്ന സാഹചര്യത്തിലാണല്ലോ ഓൺലൈൻ കുർബാന ഒരു ബദൽ സംവിധാനമായി ഏർപ്പെടുത്തിയിരിക്കുന്നത്. ദൈവാലയത്തിൽ അർപ്പിക്കുന്ന വിശുദ്ധ കുർബാനയിൽ പങ്കെടുക്കുന്നതിലൂടെ ലഭിക്കുന്ന കൗദാശികമായ ഫലങ്ങൾ ലഭിക്കുന്നില്ലെങ്കിലും ഈ പ്രത്യേക സാഹചര്യത്തിൽ ഈ സംവിധാനം പ്രയോജനപ്പെടുത്തുന്നതിനുള്ള അനുവാദം സഭാധികാരികൾ നൽകിയിട്ടുണ്ട്. വിശുദ്ധ കുർബാന ഫലപ്രദമായി ഓൺലൈൻ ആയി കാണുന്നതിന് ഭവനത്തെ ദൈവാലയമാക്കി മാറ്റണം. അതിലേയ്ക്ക് താഴെപ്പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കുന്നതു ഉചിതമായിരിക്കും.

1. ഓൺലൈൻ കുർബാനയിൽ പങ്കെടുക്കുന്നതിന് വീട്ടിൽ കുടുംബപ്രാർത്ഥനയ്ക്കായി കൂടുന്ന സ്ഥലമായിരിക്കും ഉചിതം. അവിടെ വിരിയിട്ട ഒരു മേശയിൽ കുരിശും തിരികളും വി. ഗ്രന്ഥവും വയ്ക്കേണ്ടതാണ്. അതിനടുത്താണ് ഓൺലൈൻ ട്രാൻസ്മിഷൻ സ്വീകരിക്കുന്ന ഉപകരണം (ഫോൺ, കമ്പ്യൂട്ടർ, ടി .വി.) വയ്ക്കേണ്ടത്.
2. വി. കുർബാനയിൽ പങ്കെടുക്കുന്നവർ ദൈവാലയത്തിലെന്നതുപോലെ വസ്ത്രം ധരിക്കുന്നതു ഉചിതമായിരിക്കും.
3. ഓൺലൈൻ കുർബാനയിൽ പങ്കെടുക്കുന്ന സമയം മറ്റു ജോലികൾ ചെയ്യുന്നതും ഫോൺ ഉപയോഗിക്കുന്നതും പൂർണ്ണമായും മാറ്റിവയ്ക്കണം.
4. സംപ്രേഷണം ചെയ്യുന്ന കുർബാനയോടൊപ്പം വീട്ടിലിരുന്നു പ്രാർത്ഥനകൾ ചൊല്ലുകയും ഗാനങ്ങൾ ആലപിക്കുകയും ചെയ്യേണ്ടതാണ്.
5. വി. കുർബാനയിൽ പങ്കെടുക്കുന്നവർ സാധിക്കുന്നിടത്തോളം ദൈവാലയത്തിലെന്നതുപോലെ എഴുന്നേറ്റു നിൽക്കുകയും മുട്ടുകുത്തുകയും ഇരിക്കുകയും ചെയ്യുന്നത് നന്നായിരിക്കും

## *അരൂപിയിലുള്ള ദിവ്യകാരുണ്യസ്വീകരണ പ്രാർത്ഥന*

ഓ! എന്റെ ഈശോയെ,
അങ്ങ് വി. കുർബാനയിൽ സത്യമായി എഴുന്നള്ളിയിരിക്കുന്നുവെന്ന്
ഞാൻ വിശ്വസിക്കുന്നു. എല്ലാ വസ്തുക്കളെയുംകാൾ ഞാൻ അങ്ങയെ സ്നേഹിക്കുകയും
എന്റെ ആത്മാവിൽ അങ്ങയെ സ്വീകരിക്കുവാൻ
ഞാൻ ആഗ്രഹിക്കുകയും ചെയ്യുന്നു.
ദിവ്യകൂദാശയിൽ അങ്ങയെ സ്വീകരിക്കുവാൻ ഇപ്പോൾ എനിക്ക് സാധ്യമല്ലാത്തതിനാൽ
അരൂപിയിൽ എന്റെ ഹൃദയത്തിലേയ്ക് അങ്ങ് എഴുന്നള്ളി വരണമേ.
അങ്ങ് എന്നിൽ സന്നിഹിതനാണെന്ന് വിശ്വസിച്ച്
ഞാൻ അങ്ങയെ ആശ്ലേഷിക്കുകയും
എന്നെ അങ്ങയോട് പൂർണമായി ഐക്യപ്പെടുത്തുവാൻ
ആഗ്രഹിക്കുകയും ചെയ്യുന്നു.

ഒരിക്കലും അങ്ങയിൽനിന്ന് അകലുവാൻ എന്നെ അനുവദിക്കരുതേ.
ആമ്മേൻ.